
SCHOOL
A·L·P·S·PATTISSERI

# ACADEMIC MASTER PLAN

## 2025 - 2026

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. 2025-26 അധ്യയന വർഷവും എ. എൽ. പി. എസ്. പട്ടിശ്ശേരിയിലെ മുഴുവൻ കുട്ടികൾക്കും മികച്ച നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ ആസൂത്രണത്തിലൂടെയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിരിക്കുന്നത്.

പൊതുവിദ്യാഭ്യാസവകുപ്പ് ഈ വർഷം മുതൽ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി നമ്മുടെ വിദ്യാലയവും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഈ പുതിയ വിദ്യാഭ്യാസ വർഷവും മികവിന്റെ പാതയിൽ തുടരുമെന്ന ഉറപ്പോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

## *(മലയാളം, ഇംഗ്ലീഷ്, അറബിക്)*

- അക്ഷരങ്ങൾ തിരിച്ചറിയുന്നു.
- വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നു, എഴുതുന്നു.
- മലയാളം, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകൾ ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിടിക്കാൻ കഴിയുക
- വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ രചനകൾ, നിർമ്മിക്കാൻ കഴിയുക.
- വ്യത്യസ്ഥമായ ആശയങ്ങൾ അവതരിപ്പിക്കുക.

# <u>ഗണിതം</u>

- 1 മുതൽ 10000 വരെ എണ്ണാനും എഴുതാനും
- ഗണിതം മധുരം - രസകരമാണ് താല്പര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ.
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ
- വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രം എന്നിവ വായിക്കാനുള്ള താല്പര്യം.
- ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരക്കാനും കഴിയുക.
- മാന്ത്രിക ചതുരങ്ങൾ, പാറ്റേൺ എന്നിവ കണ്ടെത്തൽ

# പരിസര പഠനം

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ്.
- വിവിധ ശാസ്ത്ര ഉപകരണങ്ങൾ, മാതൃകകൾ നിർമ്മിക്കാൻ കഴിയുക.
- വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താല്പര്യം.
- വിവിധ കണ്ടുപിടുത്തങ്ങളിൽ ഏർപ്പെടാൻ കഴിയുക.
- വിവിധ പ്രൊജക്റ്റുകൾ ഏറ്റെടുത്തു ചെയ്യാൻ കഴിയുക.
- വർഗ്ഗീകരണം.

# കല, കായിക, ആരോഗ്യ വിദ്യാഭ്യാസം

- മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന്
- നേതൃഗുണം ഉണ്ടാകുന്നതിന്
- ശാരീരിക മാനസിക ആരോഗ്യം ഉണ്ടാകുന്നതിന്
- കളിയുപകരണങ്ങൾ, പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിന്
- ചിത്ര രചനകളിൽ ഏർപ്പെടുന്നതിന്.
- ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യയായി പിന്തുടരാനും.
- വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്.

## മലയാളം

| പ്രവർത്തനം | ലക്ഷ്യങ്ങൾ | കാലം | ചുമതലകൾ |
|---|---|---|---|
| മധുരം മലയാളം | ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതയൊരുക്കുന്നു. ഭാവാത്മക വായനയിലേയ്ക്ക് കുട്ടികളെ നയിക്കുന്നു | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ, രക്ഷിതാവ് |
| സംയുക്ത ഡയറി | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്തുന്നതിന് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് |
| ഭാഷോത്സവം | ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരമൊരുക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. ആശയങ്ങൾ / അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു. | ജൂലൈ - ഫെബ്രുവരി | SRG , ക്ലാസ് ടീച്ചർ, CPTA |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, CPTA |

# ഇംഗ്ലീഷ്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കാനും എഴുതാനും ഉള്ള ശേഷികൾ മെച്ചപ്പെടുത്താൻ | ആഴ്ച്ചയിൽ ഒന്ന് | HM, ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഡയറി നിത്യവും സ്കൂളിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതൽ | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് കോർണർ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ ക്ലാസ്സിൽ വായിക്കാനവസരം ക്ലബിൽ വായന മൂല ഒരുക്കൽ | ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കുന്നതിന് | ജൂൺ - ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഫെസ്റ്റ് വായനാ മത്സരം , രചനാമത്സരം, സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ | | SRG , ക്ലാസ് ടീച്ചർ |

# പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതി നടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രകൃതിനിരീക്ഷണം നടത്തൽ | നിരീക്ഷണം, അറിവു നിർമ്മാണം | ആവശ്യത്തിന നുസരിച്ച് | CPTA, ക്ലാസ് ടീച്ചർ |
| ശാസ്ത്രപരീക്ഷണങ്ങൾ<br>പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയ പരീക്ഷണം രൂപകല്പന ചെയ്യുന്നതിനും | ശാസ്ത്രപഠനം ആസ്വാദ്യകരവാക്ക ൽ അപഗ്രഥന നിഗമനത്തിൽ സ്വയം എത്തിച്ചേരൽ വിവിവധ ഉപകരണങ്ങൾ സൂക്ഷ്മത കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യുന്നതിന് | ജൂൺ - ജനുവരി | ക്ലാസ് ടീച്ചർ, CPTA |
| ശാസ്ത്രമൂല<br>ശാസ്ത്ര പരീക്ഷണതിനാവശ്യമായ സാമാഗികൾ ഒരുക്കൽ, സംഘടിപ്പിക്കൽ | ശാസ്ത്ര പഠനം രസകരവും ലളിതവുമാക്കൽ | ആവശ്യാനുസ രണം | HM, ക്ലാസ് ടീച്ചർ, SRG |
| ലഘുപ്രോജക്ട്<br>കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം വർഗീകരണം അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്താൻ പ്രാപ്തരാക്കുന്നു. | കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തി ചിന്തയും വളർത്തുന്നതിന് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, SRG , PTA |
| ശാസ്ത്രോത്സവം<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം , പരീക്ഷണം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനവും പ്രയോഗവും | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, HM, SRG |
| ശാസ്ത്രച്ചുമർ<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്ത ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ശാസ്ത്രപഠനം രസകരമാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, SRG |

# ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത കേളികൾ വിവിധ തര ഗണിതകളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു | ഗണിത പഠനം രസകരമാക്കൽ, യുക്തി ബോധം വളർത്തൽ, ഗണിത കേളികളിൽ താൽപര്യമുണ്ടാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, SRG |
| ഒറിഗാമിയിലൂടെ പഠിക്കാം ഒറിഗാമി ചിത്രങ്ങളുടെ പ്രദർശനം, നിർമ്മാണം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കരചലന ശേഷിവികാസം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |
| ഗണിതകിറ്റ് (ലാബ് ) വിവിധ കളിനോട്ടുകൾ പുളിങ്കുരു, മഞ്ചാടി, മുത്തുകൾ, ഈർക്കിൽ, സ്ട്രോ എന്നിവ കിറ്റിൽ തയ്യാറാക്കുന്നു. | ഗണിത പഠനം സുതാര്യമാക്കൽ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, HM, SRG |
| ഗണിതച്ചുമർ വിവിധഗണിത രൂപങ്ങൾ പസിലുകൾ, സംഖ്യകൾ എന്നിവ ചുമരിൽ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത ശില്പശാല പഠനോപകരണശില്പ ശാല പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനോപകരണ നിർമ്മാണവും പ്രദർശനവും | പഠനനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, HM |
| ഗണിത മേള പസിൽ, പാറ്റേൺ, പ്രശ്നോത്തരി ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, SRG |

## അറബിക്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| അറബിക് അസംബ്ലി | അറബിക് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ഉള്ള ശേഷികൾ മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് | HM, ക്ലാസ് ടീച്ചർ |
| മാഗസിൻ നിർമ്മാണം | ചിത്രങ്ങൾ, ഉപചാരവാക്കുകൾ കഥ , കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | ജനുവരി - മാർച്ച് | അറബിക് ടീച്ചർ |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള കാർഡുകൾ നിർമ്മിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

## കല, കായിക, ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം |
|---|---|---|
| മാനസിക ഉല്ലാസം നിർവ്വഹിക്കുക | കളികളിലൂടെ, സൂംബഡാൻസ് | ജൂൺ - മാർച്ച് |
| നേതൃത്വഗുണം വളർത്തുക. സഹകരണ മനോഭാവം ഉണ്ടാക്കുക | ഇന്നത്തെ താരം ഓരോ മത്സരത്തിനും നായകരായി ഓരോരുത്തർക്കും അവസരം | ജൂൺ - മാർച്ച് |
| ശാരീരിക മാനസിക വളർച്ച | കളിക്കാം രസിക്കാം കുട്ടികളിൽ മാനസിക സംഘർഷം കണ്ടാൽ വിവിധ ഉല്ലാസങ്ങളിൽ ഏർപ്പെടും | ജൂൺ - മാർച്ച് |
| ചിത്രരചനകളിൽ ഏർപ്പെടുന്നതിന് | വരയ്ക്കാം നിറം നൽകാം വിവിധ വിഷയങ്ങൾ ബന്ധപ്പെട്ട ചിത്രങ്ങൾ പോസ്റ്ററുകൾ എന്നിവയ്ക്ക് അവസരം നൽകൾ | ജൂൺ - മാർച്ച് |
| ലഘുവ്യായാമങ്ങൾ ചെയ്യുന്നതിനും ജീവിത ചര്യയായി മാറ്റുന്നതിനും | ലഘുവ്യായാമങ്ങളിലൂടെ ക്ലാസ് തുടങ്ങുക. വ്യായാമങ്ങൾ ശീലിക്കുക | ജൂൺ - മാർച്ച് |
| വിവിധ കളിനിയമങ്ങൾ അറിയുന്നതിന് | കളികളുമായി ബന്ധപ്പെട്ട ക്ലാസുകൾ നടത്തുക. കളികളിൽ ഏർപ്പെടുക | കായിക മേളകൾ |
| കളിയുപകരണങ്ങൾ, പ്രദർശനവസ്തുക്കൾ നിർമ്മിക്കുന്നതിന് | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവസരം ഒരുക്കുക | WE മേളകൾ |